TB Weekly Movie Review

#moviepanel

Spider-Man No Way Home

Written By: Sudhy Sj

ചുവന്ന ഡ്രെസ്സിൽ കറങ്ങി കറങ്ങി എല്ലാരേം രക്ഷിക്കുന്ന ശക്തിമാനെ ആരാധിച്ചുതുടങ്ങിയ കുട്ടികാലത്ത് ഏതോ ഒരു വെള്ളിയാഴ്ച വന്ന ബാലരമയിൽ നിന്നാണ് ചിലന്തി ഒരു സംഭവം ആണെന്ന് തോന്നിത്തുടങ്ങിയത്. പിന്നീടുള്ള ദിവസങ്ങളിൽ ഏതേലും ചിലന്തി മേലെകൂടെ ഒന്ന് ഓടിപ്പാഞ്ഞുപോയാൽ തന്നെ ചുമരിൽ പിടിച്ച് കേറാൻ നോക്കിയ ബാല്യവും യൗവനവും.
കേബിൾ ടിവി ഒന്ന് പച്ചപിടിച്ചുവരുന്ന കാലം കൂടെയായിരുന്നു അത്. സൂര്യ ടിവിയിൽ വന്ന ഹോളിവുഡ് ടൈംസ് എന്ന ഒരു weekly program ൽ സ്പൈഡർമാൻ എന്ന സിനിമ വരുന്നു എന്ന വാർത്ത അത്ഭുതത്തോടെയാണ് കേട്ടതും കണ്ടതും. തിയറ്ററിൽ പോയി ഒരു ഇംഗ്ലീഷ് സിനിമ കാണാനും മനസിലാക്കാനും സാധിക്കാത്ത ആ സമയത്ത് പിന്നെയും ഒരുപാട് കാലം കഴിഞ്ഞു ഒന്ന് ടിവിയിൽ കാണാൻ. അന്ന് തൊട്ട് ഇന്ന് വരെയും പീറ്റർ പാർക്കർ എന്നാൽ ആവേശം ആണ് ( iron man വരുന്ന വരെ 😜)

Spider-Man: No Way Home എന്ന ഏറ്റവും പുതിയ ചിത്രത്തിലേക്ക് വരുമ്പോൾ ഒരുപാട് ചരിത്രവും സാങ്കേതിക വിദ്യകളും വഴിതെളിച്ച കഥകൾകൊണ്ട് സമ്പുഷ്ടമാണ്.
McU രൂപകൽപ്പന ചെയ്ത കഥാപാത്രം സോണിക്ക് വിൽക്കേണ്ടി വരികയും പിന്നീട് ഒരു പരിധിവരെ തിരിച്ചുകൊണ്ടുവരികയും ചെയ്ത അപൂർവം കഥാപാത്രമാണ് സ്പൈഡി. സോണി പിക്ചേഴ്സിന്റെയും മാർവേൽ സിനിമകളുടെയും ഭാഗമായ ഈ neighborhood hero ഇന്ന് ലോകത്തെ ഏറ്റവും favourite കോമിക് കഥാപാത്രമാണ്. ഏകദേശം 12 സിനിമകൾ 2002 മുതൽ ഇറങ്ങിയിട്ടുണ്ട്. 3 ആളുകൾ ജീവൻ കൊടുത്ത 3 സ്പൈഡർമാൻ. അത്കൊണ്ട് തന്നെ ഇപ്പോ ഇറങ്ങിയ ഈ സിനിമ കാണാൻ അല്പം പഴയ സ്പൈഡി സിനിമകളെ പറ്റിയും, avengers എന്ന ഭൂമിയുടെ രക്ഷകരെപ്പറ്റിയും അല്പം അറിയുന്നത് ആസ്വാദനത്തിന്റെ വ്യാപ്തി മറ്റൊരു തലത്തിലേക്ക് പോകും എന്നതിൽ സംശയം ഇല്ല (must watch list provided with this article)

നമ്മൾ സിനിമ കാണുമ്പോൾ നായകന്റെ വരവ് തൊട്ട് ചില ഡയലോഗ്, fight എന്നിവ കാണുമ്പോൾ ആവേശം കൊണ്ട് കയ്യടിക്കേം വിസിൽ അടിക്കേം ചിലപ്പോൾ ഒക്കെ ആർത്തുച്ചിരിക്കേം ഒക്കെ ചെയ്യാം. ഒരു സിനിമ മുഴുവൻ അങ്ങനെ ആയാലോ? നല്ല ചുവന്ന കൈകളും, ഒച്ച അടച്ചുപോയ തൊണ്ടയും ഒക്കെ ആയി നെഞ്ചും വിരിച്ചു തിയറ്ററിൽ

നിന്നും ഇറങ്ങിവരണ ആ സീൻ ഒന്ന് ആലോചിച്ചു നോക്കിക്കേ. വീട്ടിൽ എത്തിയാലും ചിന്തയിൽ ഇങ്ങനെ അലയടിക്കുന്ന സിനിമാ ഫീൽ. അതെ, പ്രതീക്ഷകളുടെ അമിതഭാരം ചുമന്നോണ്ട് പോയി അതിനുമപ്പുറം തിരികെ കിട്ടുന്ന ഒരു അഡാർ സിനിമ, അതാണ് Spider-Man: No Way Home. തൊട്ടുമുന്പേ ഇറങ്ങിയ സിനിമ (Spider-Man: Far From Home (2019)) നിർത്തിയിടത്തുനിന്നും no way home തുടങ്ങുന്നു. ഐഡന്റിറ്റി വെളിപ്പെടുന്ന പീറ്റർ ഡോക്ടർ സ്ട്രേന്ജ്നെ കാണാൻ പോകുന്നതും മൾട്ടിയൂണിവേഴ്സ് എന്ന വലിയ സിനിമാറ്റിക് ലോകം തുറക്കുന്നതുമാണ് സിനിമയുടെ ബാക്കി. (ഇനി പറഞ്ഞാൽ സ്പോയിലേർ ആവും)

മാർവലിന്റെ കട്ട ആരാധകരുടെ ചിന്തകൾക്കുമപ്പുറം നിൽക്കുന്ന ടിസ്റ്റുകളാണ് സിനിമയിലാകെ ഒരുക്കിവെച്ചിരിക്കുന്നത്. അവഞ്ചേഴ്സ്: എൻഡ് ഗെയി'മിനു' ശേഷം ഇനി ഒന്നുമില്ല എന്ന നിരസകൾക്കു മീതെ പറന്നുയർന്ന ഗംഭീര സൂചന കൂടിയാണ് പുതിയ സ്പൈഡർമാൻ ചിത്രം. മാർവെലിന്റെ അത്ഭുതങ്ങൾ ഇനിയും വരാൻ കിടക്കുന്നതെ ഉള്ളു എന്ന വ്യക്തമായ ചിത്രം നൽകിയാണ് സിനിമ അവസാനിക്കുന്നത്. സസ്പെൻസുകൾ മുറിപ്പെടുമെന്നതിനാൽ അതിനു തുനിയുന്നില്ല.

ആകാംക്ഷകളുടെ ഈ ചിലന്തിവലയിൽ നിന്നും സ്പോയിലേറുകളിൽ നിന്നും രക്ഷപെടാൻ ഞാൻ ചെയ്ത പോലെ എത്രയും വേഗം പോയി സിനിമ കാണൂ. കാണുന്ന മുന്നെ ഈ സിനിമകൾ കൂടെ ഒന്ന് കണ്ടാൽ ഒരു superhero movie എന്നതിലുപരി ഹൃദയത്തെ സ്പർശിക്കുന്ന ഒരുപിടി മുഹൂർത്തങ്ങൾക്ക് കൂടെ അല്പം മൗനം പാലിക്കാം.

Watch in this order :

● Spider-Man: Homecoming
● Spider-Man: Far From Home
● Captain America: Civil War
● Avengers: Infinity War
● Avengers: Endgame
● Spider-Man (2002)
● Spider-Man 2
● Spider-Man 3
● The Amazing Spider-Man
● The Amazing Spider-Man 2
●Venom: Let There Be Carnage

And finally, for those who want some groundwork on the multiverse in the MCU and Doctor Strange's past:

● Loki
● What If...?
● WandaVision
● Doctor Strange

And welcome to the Bermuda triangle MCU..